"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കാസർഗോഡ് ജനറൽ ആശുപത്രിയിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ധനകാര്യ പരിശോധനാ റിപ്പോർട്ട് - മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം.സി., അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. നിധീഷ് വി.എസ്., ഓവർസിയർ ശ്രീ. ഗംഗാധരൻ ജി. എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കുന്നത് - OA 436/2026 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01.09.2026-ലെ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1958/2026/LSGD തീയതി,തിരുവനന്തപുരം, 17-10-2026

---

പരാമർശം:-

1. ധനകാര്യ (NT-G) വകുപ്പിന്റെ 05.10.2023-ലെ 1989309/FIW-G2/25/2022/Fin നമ്പർ പരിശോധന റിപ്പോർട്ട്
2. 14.07.2025-ലെ ഇഡബ്ല്യൂഎ2/24/2025-ത.സ്വ.ഭ.വ പ്രകാരമുള്ള കുറ്റപത്രം , കുറ്റാരോപണപത്രിക.
3. മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം.സി. 05.01.2026 തീയതിയായും അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. നിധീഷ് വി.എസ്. 08.01.2026 തീയതിയായും ഓവർസിയർ ശ്രീ. ഗംഗാധരൻ ജി.-യും സമർപ്പിച്ച പ്രതിവാദപത്രിക
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.04.2026, 27.04.2026 തീയതികളിലെ LSGD/PD/22923/2025-VIGE5 നമ്പർ കത്ത്.
5. സ.ഉ.(സാധാ) നം.1016/2026/LSGD തീയതി 15.05.2026.
6. 20.06.2026-ലെ ഇ4-680/2026 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്
7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 436/2026 നമ്പർ കേസിന്റെ 01.09.2026-ലെ ഉത്തരവ്

**<u>ഉത്തരവ്</u>**

കാസർഗോഡ് ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച സി.സി.ടി.വി. ക്യാമറകൾ പ്രവർത്തനരഹിതമായി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് പരിശോധന നടത്തി, പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു:-

കാസർഗോഡ് നഗരസഭയിലെ പ്രധാനസ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 2017-18 സാമ്പത്തികവർഷം കാസർഗോഡ് നഗരസഭവികസന ഫണ്ടിൽ നിന്നും 5,00,000/- രൂപ വകയിരുത്തുകയും പ്രസ്തുത പ്രവൃത്തി Technically competent ആയ കെൽട്രോൺ മുഖേന നിർവ്വഹിക്കുന്നതിൽ മുൻകൈ എടുക്കാതെ സാമ്പത്തിക വർഷാവസാനം ടെണ്ടർ ക്ഷണിച്ച് കരാറുകാരൻ മുഖേന നടപ്പിലാക്കുകയുമാണുണ്ടായത്. കെൽട്രോണിന് കത്ത് നൽകുകയോ, ഓർമ്മക്കുറിപ്പ് നൽകി നഗരസഭയുടെ ആവശ്യം അറിയിക്കുകയോ ചെയ്യാതെ കേവലം ഒരു ഇ-മെയിൽ സന്ദേശം മാത്രം നൽകുകയും കെൽട്രോൺ നഗരസഭയുടെ കത്തിനോട് പ്രതികരിച്ചില്ല എന്ന കാരണത്താൽ ടെണ്ടർ ക്ഷണിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രവൃത്തിയുടെ കരാറിൽ സി.സി.ടി.വി. അറ്റകുറ്റപ്പണികൾ സംബന്ധിച്ച് യാതൊരു വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടില്ല. വാറന്റി കാലയളവിൽതന്നെ ക്യാമറകൾ പ്രവർത്തനരഹിതമായിട്ടും കാസർഗോഡ് നഗരസഭ തകരാർ എന്താണെന്ന് കണ്ടെത്തുകയോ പ്രവർത്തനയോഗ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കാതെയും സാങ്കേതികാനുമതി ലഭിക്കാതെയുമാണ് ഈ പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്.

2. എഞ്ചിനിയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശിപാർശ ഇപ്രകാരമാണ്.

പൊതുമരാമത്ത് ചട്ടം 6-1 പ്രകാരം മതിയായ തുക ബജറ്റിൽ വകയിരുത്താതെയും ഭരണാനുമതി ലഭിക്കാതെയും വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാതെയും അതിനു സാങ്കേതികാനുമതി ലഭിക്കാതെയും ഒരു പൊതുമരാമത്ത് പ്രവൃത്തിയും ആരംഭിക്കുവാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വിശദമായ പ്ലാനും എസ്റ്റിമേറ്റും പഞ്ചായത്ത് / മുൻസിപ്പൽ എഞ്ചിനിയറുടെ മേൽനോട്ടത്തിലും ചുമതലയിലും തയ്യാറാക്കേണ്ടതാണ് എന്ന് ചട്ടം 5(2) പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട്. എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സാധനസാമഗ്രികളുടെ അളവ്, അവയുടെ ഗുണനിലവാരവും വിലയും, കണക്കാക്കപ്പെട്ട തൊഴിൽദിനങ്ങളുടെ എണ്ണം, അതിനുള്ള കൂലി, മതിപ്പ്, ചെലവ് എന്നിവ തയ്യാറാക്കി എസ്റ്റിമേറ്റിന്റെ ഭാഗമായി ചേർക്കേണ്ടതാണ് എന്നും വ്യവസ്ഥകളുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾ ഒന്നും പാലിക്കപ്പെട്ടിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനിയർ മുൻസിപ്പൽ എഞ്ചിനിയർ ആയ നഗരസഭകളിൽ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും സാങ്കേതിക അനുമതി വാങ്ങേണ്ടതാണ്. G.O.(Ms)No.11/2018/LSGD Para 3.8.2 പ്രകാരം രണ്ട് ലക്ഷം രൂപ വരെയുള്ള ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് പ്രവൃത്തികൾക്ക് മാത്രമാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് സാങ്കേതികാനുമതി നൽകുവാനുള്ള അധികാരമുള്ളത് എന്നിരിക്കെ 5 ലക്ഷം രൂപ വകയിരുത്തി സി.സി.ടി.വി സ്ഥാപിക്കൽ എന്ന ഇലക്ട്രോണിക് പ്രവൃത്തി നിർവ്വഹിച്ച കാസർഗോഡ് മുൻസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. നിധീഷ് വി.എസ്., മുൻസിപ്പൽ എഞ്ചിനിയർ ആയിരുന്ന ശ്രീ. ജസ്വന്ത് എം.സി., ഓവർസിയർ ശ്രീ.

ഗംഗാധരൻ ജി. എന്നീ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് മുൻസിപ്പാലിറ്റി മുൻ മുൻസിപ്പൽ എഞ്ചിനിയർ ശ്രീ. ജസ്വന്ത് എം.സി.(PEN-524599), അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. നിധീഷ് V.S.(PEN-630594), ഓവർസിയർ ശ്രീ. ഗംഗാധരൻ ജി.(PEN-552969) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള അച്ചടക്കനടപടി ആരംഭിച്ച് പരാമർശം (2) പ്രകാരമുള്ള കുറ്റപത്രം , കുറ്റാരോപണപത്രിക എന്നിവ നൽകുകയുണ്ടായി.

4. കുറ്റാരോപണങ്ങൾ നിഷേധിച്ചുകൊണ്ട് കുറ്റാരോപിതർ പരാമർശം (3) പ്രകാരം പ്രതിവാദപത്രികകൾ സമർപ്പിച്ചിട്ടുണ്ട്. കുറ്റാരോപിതരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു:-

**<u>ശ്രീ. ജസ്വന്ത് M.C., മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ</u>**

- കാസറഗോഡ് പുതിയ സ്റ്റാൻഡ് പരിസരത്ത് 7 എണ്ണം, ജനറൽ ആശുപത്രിയിൽ 7 എണ്ണം, പഴയ സ്റ്റാൻഡ് പരിസരത്ത് 7 എണ്ണം എന്നിങ്ങനെ 21 സി.സി.ടി.വി. ക്യാമറകളാണ് പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ളത്. ആശുപത്രി സൂപ്രണ്ട്, നഗരസഭാ റവന്യൂ ഇൻസ്പെക്ടർ, ട്രാഫിക്ക് പൊലീസ് എന്നിവർ നിർദേശിച്ച സ്ഥലത്താണ് ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്.
- 25.01.2019-ൽ നഗരസഭയിലെ മൂന്നാംതരം ഓവർസീയർ പുതിയ ബസ് സ്റ്റാൻഡിൽ സ്ഥാപിച്ച 7 ക്യാമറകളും പ്രവർത്തിക്കുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കരാറിൽ ഏർപ്പെട്ടതും തുക നൽകിയതും ടി പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറാണ്. കൂടാതെ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തൽ, പരിശോധന എന്നിവ നടത്തിയത് ഓവർസീയറും അസിസ്റ്റന്റ് എഞ്ചിനീയറുമാണെന്ന് ഓഡിറ്റ് പരാമർശവും ഉണ്ട്.
- പ്രവൃത്തിയുടെ Defect Liability Period (DLP) 3 വർഷമാണ്. ഫിനാൻസ് ഇൻസ്പെക്ഷൻ വിങ്ങിന്റെ പരിശോധന DLP അവസാനിച്ചതിനുശേഷം 05.10.2023-ൽ ആയിരുന്നു. DLP കാലാവധിക്കുശേഷം Annual Maintenance Contract (AMC) നൽകാത്തതിനാലാണ് പരിശോധന സമയത് സി.സി.ടി.വി. പ്രവർത്തിക്കാത്തതെന്ന് മനസ്സിലാക്കുന്നു. ആയത് 7.6.2018-ൽ കാസറഗോഡ് ഓഫീസിൽ നിന്ന് വിടുതൽ ചെയ്ത തന്റെ ഉത്തരവാദിത്തത്തിൽ വരുന്നതല്ല.
- ഒരു പ്രവൃത്തിയുടെ നിർവഹണത്തിൽ നിയമപ്രകാരമുള്ള എല്ലാ വ്യവസ്ഥകളും പാലിക്കേണ്ടത് നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയറുടെ ഉത്തരവാദിത്തമാണ്. ആയതിനാൽ മുൻസിപ്പൽ എഞ്ചിനീയർ / അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയ താൻ ഒരുഘട്ടത്തിലും ഈ പ്രവൃത്തിയുമായി

ബന്ധപ്പെടേണ്ടതില്ല. എന്നാലും എഞ്ചിനീയറിംഗ് ഓഫിസ് മേലധികാരി എന്ന നിലയിൽ താൻ നിർദേശങ്ങൾ നൽകാറുണ്ട്.

**ശ്രീ. നിധീഷ്‌വി.എസ്., അസിസ്റ്റന്റ് എഞ്ചിനിയർ**

- സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്ന 440/2018 പദ്ധതി സ്പിൽ ഓവർ പ്രവൃത്തിയായിരുന്നു. പ്രവൃത്തി നടപ്പാക്കുന്നതിന് കെൽട്രോണിനെ ഏൽപിക്കുന്നതിന് നഗരസഭ തീരുമാനം എടുത്തിരുന്നുവെങ്കിലും, കെൽട്രോണിൽ നിന്ന് യാതൊരു പ്രതികരണവും ഉണ്ടാകാത്തതിനാലും പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കേണ്ടതിനാലും ടെണ്ടർ നടപടികൾ നടത്തുകയും ഹസൈനാർ തളങ്കര എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ആയത് നഗരസഭ കൗൺസിൽ അംഗീകരിക്കുകയും പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുകയും ചെയ്തു.
- താൻ കാസറഗോഡ് നഗരസഭയിൽ 21.12.2017 മുതൽ 20.06.2018 വരെയുള്ള 6 മാസകാലയളവിൽ മാത്രമാണ് അസിസ്റ്റന്റ് എഞ്ചനീയറായി സേവനം അനുഷ്ഠിച്ചിട്ടുള്ളത്. കാസർഗോഡ് നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചനീയറായി Fresh Appointment ആയാണ് ജോലിയിൽ പ്രവേശിച്ചത്. താൻ ജോയിൻ ചെയ്യുന്ന സമയത്ത് സ്പിൽഓവർ ഉൾപ്പെടെ 370-ൽപരം പ്രോജകറ്റുകൾ കാസറഗോഡ് നഗരസഭയിൽ ഉണ്ടായിരുന്നു. ഫസ്റ്റ് ഗ്രേഡ് മുൻസിപ്പാലിറ്റിയായതിനാൽ രണ്ട് അസിസ്റ്റന്റ് എഞ്ചനീയർ പോസ്റ്റുകൾ ഉണ്ടായിരുന്നെങ്കിലും താൻ മാത്രമാണ് ടി സമയത്ത് മുഴുവൻ ജോലികളും നോക്കുന്നതിന് ഉണ്ടായിരുന്നത്. അമിതമായ ജോലിഭാരവും പരിചയക്കുറവും അനുഭവിച്ചിരുന്നു. മേലുദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം മാത്രമാണ് താൻ പ്രവർത്തിച്ചിട്ടുള്ളതും ഫയൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതും. സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കണം എന്ന് നിർദ്ദേശം ഉണ്ടായിരുന്നതിനാൽ അടിയന്തര പ്രാധാന്യത്തോടുകൂടിയാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. 21.05.2018-ൽ കാസറഗോഡ് മുൻസിപ്പാലിറ്റിയിൽ നിന്നും സ്ഥലം മാറ്റം ലഭിച്ചു പോയിട്ടുള്ളതാണ്. ആയത് വരെ സി.സി.ടി.വി. സ്ഥാപിക്കുന്ന പ്രവൃത്തി സംബന്ധിച്ച് യാതൊരു പരാതിയും ഉണ്ടായിട്ടില്ല. മാത്രമല്ല ഗാരന്റി പീരിയഡിനുള്ളിൽ യാതൊരു പരാതിയും ഉണ്ടായിരുന്നില്ല. സി.സി.ടി.വി.-യുടെ തുടർപരിപാലനം AMC ആയി ചെയ്യേണ്ടത് നഗരസഭയാണ്.

**ശ്രീ. ഗംഗാധരൻ ജി., ഓവർസിയർ**

ആശുപത്രി സൂപ്രണ്ടും നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറും നിർദ്ദേശിച്ച സ്ഥലത്താണ് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. 2018 ജൂലായ് മാസത്തിൽ കാസർഗോഡ് നഗരസഭയിൽ നിന്ന് വിടുതൽ ചെയ്ത് എൺമകജെ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു വരികയാണ്.

5. കുറ്റാരോപിതരുടെ വാദങ്ങൾ സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കും പ്രകാരമാണ്.

- കാസറഗോഡ് നഗരസഭയിലെ 2017-18 സാമ്പത്തിക വർഷത്തിലെ അംഗീകരിക്കപ്പെട്ട വാർഷിക പദ്ധതിയിലെ പ്രൊജക്ട് നമ്പർ SO 440/18 ആയി നഗരസഭയിലെ പ്രധാന ജംഗ്ഷനുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ എന്ന പ്രവൃത്തി ബഹുവർഷ പ്രൊജക്ടായി ഉൾപ്പെട്ടിട്ടുള്ളതാണ്. നഗരസഭ അസിസ്റ്റന്റ് എൻജിനീയറാണ് ടി പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. പ്രസ്തുത പ്രവൃത്തിയുടെ തൻവർഷ അടങ്കൽ 5 ലക്ഷം രൂപ ഉൾപ്പെടെ ആകെ അടങ്കൽ 10 ലക്ഷം രൂപയാണ്. പ്രൊജക്ടിൽ രേഖപ്പെടുത്തിയത് പ്രകാരം 01/31.08.2017 നമ്പർ തീരുമാന പ്രകാരമാണ് പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും പ്രൊജക്ട് പരിശോധിച്ചതിൽ പ്രവൃത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദവിവരങ്ങളൊന്നും ഉൾപ്പെടുത്തിയിരുന്നില്ലായെന്നും ഏതൊക്കെ ജംഗ്ഷനുകളിലാണ് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നത് എന്നോ ക്യാമറകളുടെ സ്പെസിഫിക്കേഷനോ, എത്ര ക്യാമറകൾ സ്ഥാപിക്കുന്നുണ്ട് എന്നുള്ള വിവരങ്ങളോ ലഭ്യമാക്കിയിരുന്നില്ലായെന്നും കാസറഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു. അസിസ്റ്റൻറ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തി ടെണ്ടർ മുഖേനയാണ് നിർവ്വഹിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് അംഗീകാരം (വെറ്റിങ്ങ്) നൽകിയിട്ടുള്ളത് നഗരസഭയിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറായ ശ്രീ. ജസ്വന്ത് എം.സി. ആണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.
- സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കൽ എന്ന പ്രവൃത്തി മരാമത്ത് പണികളിൽ ഉൾപ്പെടുന്നതാണ്. പദ്ധതിയുടെ വെറ്റിംഗ് നടത്തിയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറാണെങ്കിലും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും സാങ്കേതിക അനുമതിക്ക് സമർപ്പിച്ച് അനുമതി ലഭ്യമാക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയറുടെ പൂർണഉത്തരവാദിത്തമാണ്. എന്നാൽ ഈ പദ്ധതിയുടെ കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതിക അനുമതിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് സമർപ്പിക്കുകയോ ചെയ്തതായി ഫയലിൽ കാണുന്നില്ല. ആയതിനാൽ 5 ലക്ഷം രൂപ വകയിരുത്തിയ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ പദ്ധതിക്ക് ചട്ടങ്ങൾക്ക് വിരുദ്ധമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ സാങ്കേതിക അനുമതി നൽകിയിട്ടില്ല.
- മെഷർമെൻറ് ബുക്ക് വെരിഫൈ ചെയ്യുന്ന സമയത്ത് പദ്ധതി നിർവ്വഹണത്തിന്റെ ഫയൽ കൂടി പരിശോധിച്ചിരുന്നുവെങ്കിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഭാഗത്ത് നിന്നും മേൽനോട്ടവീഴ്ച ഉണ്ടാകുമായിരുന്നില്ല. പദ്ധതിയുടെ നിർവ്വഹണത്തിൽ ടിയാളുടെ ഭാഗത്ത് മേൽനോട്ടവീഴ്ച ഉണ്ടായിട്ടുണ്ട്.
- പദ്ധതി നടപ്പിലാക്കുന്നതിന് നഗരസഭാ ഭരണസമിതിയുടെ തീരുമാനപ്രകാരം കെൽട്രോണിന്റെ കണ്ണൂരും കോഴിക്കോടുമുള്ള സ്ഥാപനങ്ങൾക്ക് കത്ത്

നൽകിയിരുന്നതായും എന്നാൽ കെൽട്രോണിൽ നിന്നും ആയതിന് മറുപടി ലഭ്യമായിട്ടില്ലായെന്നും ഫയൽ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നു. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതിന് അക്രെഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചു കൊണ്ടുള്ള 25.07.2017-ലെ G.O(P) No.95/2017/Fin ഉത്തരവിൽ അക്രെഡിറ്റഡ് ഏജൻസിയായ കെൽട്രോണിനെ അംഗീകരിച്ചിട്ടുള്ളതാണെങ്കിലും, ടി ഉത്തരവിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ പ്രവൃത്തി അംഗീകൃത ഏജൻസിയായ കെൽട്രോൺ മുഖേന മാത്രമേ നടപ്പിലാക്കാൻ പാടുള്ളൂ എന്ന നിബന്ധനയില്ല. ഭരണസമിതി തീരുമാനപ്രകാരം 09.03.2018-ൽ ടെണ്ടർ ക്ഷണിക്കുകയും പ്രവൃത്തി നടപ്പിലാക്കുന്നതിന് അസ്സൈനാർ തളങ്കര എന്നയാൾക്ക് വർക്ക് ഓർഡർ നൽകി പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ടെണ്ടർഷെഡ്യൂൾ പരിശോധിച്ചതിൽ കരാറുകാരൻ മൊത്തം പ്രവൃത്തിയുടെ തുകയാണ് ക്വാട്ട് ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. 01.02.2018-ൽ അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയിട്ടുള്ള 81/18 എം-ബുക്കിൽ പ്രവൃത്തിയുടെ മെഷർമെൻറ് അസിസ്റ്റന്റ് എൻജിനീയർ രേഖപ്പെടുത്തിയിട്ടുള്ളതും ആയത് 31.03.2018-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായ ശ്രീ ജസ്വന്ത് എം.സി. വെരിഫൈ ചെയ്തിട്ടുള്ളതുമാണ്. ഈ പ്രവൃത്തിക്ക് 4,97,000/- രൂപയുടെ പ്രൊസീഡിംഗ്സ് അംഗീകരിച്ചിട്ടുള്ളത് അസിസ്റ്റന്റ് എൻജിനീയറായ ശ്രീ. നിധീഷ് വി.എസ്. ആണ്. പദ്ധതി തയ്യാറാക്കലും നിർവ്വഹണവും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയറുടെ പൂർണ ഉത്തരവാദിത്തമാണ് എന്നിരിക്കെ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ എന്ന പ്രവൃത്തി മാർഗ്ഗരേഖപ്രകാരം നിർവഹണം നടത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയറുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്.

- പദ്ധതി രൂപീകരിച്ച് വെറ്റിംഗ് ലഭിച്ചിട്ടുള്ളത് 18.12.2017-ലാണ്. പ്രസ്തുത സമയത്ത് പ്രൊജക്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥനായി രേഖപ്പെടുത്തിയിട്ടുള്ളത് ഓവർസീയർ ഗ്രേഡ്-II ശ്രീ. ഗംഗാധരൻ ജി. ആണ്. പദ്ധതിക്ക് അംഗീകാരം ലഭിച്ചതിനു ശേഷം 21.12.2017-ലാണ് ശ്രീ നിധീഷ് വി.എസ്. അസിസ്റ്റന്റ് എൻജിനീയറായി പി.എസ്.സി. നിയമനം മുഖേന കാസറഗോഡ് നഗരസഭയിൽ ജോലിയിൽ പ്രവേശിക്കുന്നത്. ടിയാൾ ജോലിയിൽ പ്രവേശിച്ചപ്പോൾ സാമ്പത്തിക വർഷാവസാനമായതിനാൽ സ്പിൽഓവർ പ്രവൃത്തികളുൾപ്പെടെ 370-ൽപരം പ്രവൃത്തികൾ ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയർമാരുടെ രണ്ട് തസ്തികയിൽ ഒരു തസ്തിക പ്രസ്തുത കാലയളവിൽ ഒഴിവായി കിടക്കുകയായിരുന്നു. ആയതിനാൽതന്നെ ആദ്യമായി സർവ്വീസിൽ പ്രവേശിച്ച ഉദ്യോഗസ്ഥൻ എന്നനിലയിൽ പരിചയക്കുറവും ജോലിഭാരവും കാരണമാണ് ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ടിയാളുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായത്.
- പ്രസ്തുത പ്രവൃത്തിക്ക് അംഗീകാരം (വെറ്റിങ്ങ്) നൽകിയിട്ടുള്ളത് നഗരസഭയിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറായ ശ്രീ. ജസ്വന്ത് എം.സി.-യും പദ്ധതി തയ്യാറാക്കിയതും പദ്ധതിയുടെ മേൽനോട്ടച്ചുമതല നിർവ്വഹിച്ചതും നഗരസഭയിലെ രണ്ടാം ഗ്രേഡ് ഓവർസീയറായിരുന്ന ശ്രീ ഗംഗാധരൻ ജി.-യുമാണ്. സി.സി.ടി.വി.

ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും രണ്ടാം ഗ്രേഡ് ഓവർസീയറായിരുന്ന ശ്രീ. ഗംഗാധരൻ ജി. നിർവഹിച്ചിരുന്നു.

- ക്യാമറ സ്ഥാപിക്കൽ പദ്ധതിക്ക് വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിരുന്നില്ല എന്നും പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല എന്നുമുള്ള പരാമർശങ്ങൾക്ക് പദ്ധതി തയ്യാറാക്കിയപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിൽ ഒപ്പ് വെച്ച രണ്ടാം ഗ്രേഡ് ഓവർസിയർ ശ്രീ ഗംഗാധരൻ ജി ഉത്തരവാദിയാണ്. എന്നാൽ പ്രസ്തുത വിഷയത്തിൽ ടിയാൾ സമർപ്പിച്ച പ്രതിവാദപത്രികയിൽ തനിക്കുണ്ടായിരുന്ന ചുമതലകളെപ്പറ്റിയോ, കുറ്റാരോപണ പത്രികയിലെ പരാമർശങ്ങളെക്കുറിച്ചോ മറുപടി സമർപ്പിച്ചിട്ടില്ല.

**6.** തുടർന്ന്, ചട്ടപ്രകാരമുള്ള നടപടിക്രമത്തിന്റെ ഭാഗമായി മേൽവിഷയത്തിൽ ഒരു ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (5) പ്രകാരം ഉത്തരവായി. അന്വേഷണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ പരാമർശം (6) ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളും അഭിപ്രായവും ചുവടെ ചേർക്കുന്നു:-

- പ്രൊജക്റ്റ് റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ നിർവ്വഹണരീതി ടെണ്ടർ ആണ്. നഗരസഭ കൗൺസിൽ തീരുമാനപ്രകാരമാണ് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തി KELTRON-നെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചത്. KELTRON-ൽ നിന്ന് മറുപടി ലഭിക്കാത്തതിനെത്തുടർന്ന് ടി വിഷയത്തിൽ തീരുമാനത്തിനായി ഫയൽ നഗരസഭ ചെയർപേഴ്സൺ മുൻപാകെ സമർപ്പിച്ചതായും തുടർന്ന് ചെയർപേഴ്സൺ ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് മുൻകൂർ അനുമതി നൽകിയതായും കാണുന്നു.
- 09.03.2018-ൽ ടെണ്ടർ www.lsg.kerala.gov.in വെബ്സൈറ്റിൽ പരസ്യപ്പെടുത്തിയതായും 17.03.2018-ലെ tender opening-ൽ കുറഞ്ഞ തുക (Rs.4,97,000/-) രേഖപ്പെടുത്തിയത് Hassainar Thalangara എന്ന വ്യക്തി ആണെന്നും കാണുന്നു. തുടർന്ന് ടി ടെണ്ടർ ചെയർപേഴ്സൺന്റെ മുൻകൂർ അനുമതിക്കായി സമർപ്പിച്ചതായും ആയത് അംഗീകരിച്ചതായും കാണുന്നു.
- 21.03.2018-ൽ അസിസ്റ്റന്റ് എഞ്ചിനീയർ, കരാറുകാരൻ എന്നിവർ കരാറിൽ ഒപ്പ് വെച്ച് സൈറ്റ് കൈമാറി പ്രവൃത്തി നടപ്പിലാക്കി പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചതായി ഓവർസീയർ ശ്രീ. ഗംഗാധരൻ ജി. സാക്ഷ്യപ്പെടുത്തിയ Supervision Certificate, അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ Completion Report എന്നിവ ഫയലിൽ ലഭ്യമാണ്. പ്രവൃത്തിക്ക് Payment നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ രേഖപ്പെടുത്തലുകൾ അളവ്പുസ്തകം നമ്പർ 81/18-ൽ വരുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയ അളവുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ Verify ചെയ്തിട്ടുള്ളതാണ്.
- KELTRON മുഖേന നിർവ്വഹണം നടത്തുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. KELTRON മാനേജർക്ക് കത്ത് നൽകിയിട്ടുള്ളതായി ഫയലിൽ നിന്നും വ്യക്തമാണ്. എന്നാൽ ആയതിന് യഥാസമയം മറുപടി

ലഭിക്കാതെവന്ന സാഹചര്യത്തിൽ ബഹു. നഗരസഭ ചെയർപേഴ്സന്റെ മുൻകൂർ അനുമതിയോടെ ടെണ്ടർ നടത്തുന്നതിന് തീരുമാനിച്ചതാണ്. അല്ലാത്തപക്ഷം പദ്ധതി സ്പിൽഓവർ ആയി ഫണ്ട് നഷ്ടമാകുന്ന സാഹചര്യം ഉണ്ടാകുമായിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ അംഗീകൃത Project Report-ൽ തന്നെ പ്രവൃത്തിയുടെ നിർവ്വഹണരീതി ടെണ്ടർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്, ആയതിനാൽ പ്രവൃത്തി ടെണ്ടർ മുഖേന നിർവ്വഹിച്ചതിൽ അപാകതയുണ്ടായതായി പറയാൻ കഴിയില്ല. കൂടാതെ മത്സരാധിഷ്ഠിത ടെണ്ടർ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തിയും, പത്രപരസ്യം ചെയ്തുമാണ് നടപ്പിലാക്കിയത്. ടെണ്ടർ നടത്തിപ്പ്, Selection of Bidder എന്നിവയെല്ലാം കൗൺസിൽ അംഗീകാരത്തോടെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുള്ളതും അവ കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമാക്കിയിട്ടുള്ളതുമാണ്. ആയതിനാൽ ടെണ്ടർ നടത്തിപ്പുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചതായി കാണാൻ കഴിയുന്നില്ല.

- എന്നാൽ സി.സി.ടി.വി. ക്യാമറകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി അവ ഇൻസ്റ്റാൾ ചെയ്യുന്ന പ്രവൃത്തി മരാമത്ത് വിഭാഗത്തിൽ ഉൾപ്പെടാത്തതാകയാൽ അവയ്ക്ക് പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാലിക്കേണ്ട മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ബാധകമാകുന്നില്ല എന്ന് കണക്കാക്കാവുന്നതാണ്. 29.01.2018-ലെ G.O.(Ms) No.11/2018/LSGD ഉത്തരവിന്റെ ഖണ്ഡിക 3.8.2-ലെ പരാമർശം മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ ബാധകമാക്കേണ്ടതാണ്. Electronic Hardware Purchase and Installation വിഭാഗത്തിൽ വരുന്ന ഇത്തരത്തിലുള്ള പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനം നിലവിൽ തദ്ദേശ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്തതിനാലാവാം നേരിട്ടുള്ള അന്വേഷണത്തിൻപ്രകാരം തയ്യാറാക്കിയ ഷെഡ്യൂൾ അടിസ്ഥാനപ്പെടുത്തി അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തി എന്ന നിലയിൽ തുടർനടപടികളുമായി അസിസ്റ്റന്റ് എഞ്ചിനീയർ മുന്നോട്ടു പോയത് എന്ന് അനുമാനിക്കുന്നു.
- തുടർന്ന് പ്രവൃത്തി തൃപ്തികരമായി നടപ്പിലാക്കി പ്രവർത്തനം ബന്ധപ്പെട്ട അധികാരികളെ ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ് എന്ന് കാണുന്നു. Warranty Period സംബന്ധിച്ച രേഖകൾ കൃത്യമായി ഫയൽ ചെയ്ത്, ടി കാലാവധിക്കുള്ളിൽ വരുന്ന കേടുപാടുകൾ പരിഹരിക്കേണ്ടതാണ് തുടങ്ങിയ നിബന്ധനകൾ കരാറിൽ വ്യക്തമായി ഉൾപ്പെടുത്തേണ്ടതായിരുന്നു. Warranty Period-ന് ശേഷം വരുന്ന അറ്റകുറ്റപ്പണികൾക്ക് AMC നടപടികൾ നഗരസഭ സ്വീകരിക്കേണ്ടിയിരുന്നു. എന്നാൽ, അപ്രകാരമുള്ള നടപടികളുടെ അഭാവം, സി.സി.ടി.വി. ക്യാമറകളിൽ ചിലത് പ്രവർത്തിക്കുന്നില്ല എന്ന് ഓവർസീയർമാർ പലപ്പോഴായി റിപ്പോർട്ട് ചെയ്തിട്ടും ആയത് യഥാസമയം പരിഹരിക്കുന്നതിന് തടസമായി എന്ന് മനസ്സിലാക്കുന്നു. കുറ്റാരോപിതരായ ഉദ്യോഗസ്ഥർ മൂവരും നഗരസഭയിൽ നിന്ന് 2018-ൽ തന്നെ സ്ഥലംമാറിപോയിട്ടുള്ളതും ആയതുവരെ പ്രവൃത്തിയിൽ കേടുപാടുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതുമാണെന്ന് ഫയൽ പരിശോധനയിൽ നിന്നും

മനസ്സിലാകുന്നു. ഒരു വർഷത്തോളം ക്യാമറകൾ കുഴപ്പം കൂടാതെ പ്രവർത്തിച്ചിട്ടുള്ളതാണ്. പിന്നീട് സി.സി.ടി.വി. ക്യാമറകളിൽ ചിലത് പ്രവർത്തനരഹിതമായത് റിപ്പയർ ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടായില്ല എന്നതിൽ ഇപ്പോൾ കുറ്റാരോപിതരായിരിക്കുന്ന ഉദ്യോഗസ്ഥർക്ക് നേരിട്ട് ഉത്തരവാദിത്തം ഇല്ല എന്ന് കാണുന്നു.

- മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ, കാസർഗോഡ് നഗരസഭ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം.സി. പ്രൊജക്ട് നം. 440/2018 സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ എന്ന പ്രവൃത്തിയുടെ നിർവ്വഹണഉദ്യോഗസ്ഥൻ അല്ലാത്തതിനാലും പ്രവൃത്തിയുടെ നടത്തിപ്പിൽ ടിയാൾക്ക് നേരിട്ട് ചുമതല ഇല്ലാതിരുന്നതിനാലും, ടിയാളുടെ പ്രതിവാദപത്രിക, മൊഴി എന്നിവയിലെ വാദഗതികൾ അംഗീകരിച്ചുകൊണ്ട് ടിയാളുടെ മേൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റത്തിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.
- കാസർഗോഡ് നഗരസഭ മുൻ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. നിധീഷ് വി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പ്രൊജക്ട് നം. 440/2018 സി.സി.ടി.വി. ക്യാമറസ്ഥാപിക്കൽ എന്ന പ്രവൃത്തി സദുദ്ദേശ്യത്തോടെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രമിച്ചതായി വിലയിരുത്തുന്നു. പദ്ധതി രൂപീകരണം, ടെണ്ടർ ക്ഷണിക്കൽ, ടെണ്ടർ അംഗീകാരം എന്നിവയെല്ലാം നഗരസഭയുടെ അംഗീകാരത്തോടെയാണ് നടത്തിയിരിക്കുന്നത് എന്നതിനാൽ അതുമായി ബന്ധപ്പെട്ട ടിയാളുടെ വാദഗതികൾ പരിഗണിക്കാവുന്നതാണ്. എന്നാൽ സി.സി.ടി.വി. ക്യാമറകളുടെ Warranty Period-ന് ഉള്ളിലുള്ള റിപ്പയർ വ്യവസ്ഥകൾ ടെണ്ടർ ഘട്ടത്തിലും കരാറിലും ഉൾപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തേണ്ടിയിരുന്നു. എന്നിരുന്നാലും, അസിസ്റ്റന്റ് എഞ്ചിനീയർ എന്ന നിലയിൽ കാസർഗോഡ് നഗരസഭയിൽ Fresh Appointment ആയി ജോലിയിൽ പ്രവേശിച്ച് ചുരുങ്ങിയ കാലയളവ് മാത്രം അവിടെ ജോലിചെയ്ത ശ്രീ. നിധീഷ് വി.എസ്. തന്റെ പ്രതിവാദപത്രികയിൽ പറഞ്ഞിരിക്കുന്നത് പ്രകാരം ജോലിഭാരവും പരിചയക്കുറവും കണക്കിലെടുത്ത് ടിയാളുടെ വാദഗതികൾ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.
- കാസർഗോഡ് നഗരസഭ മുൻ ഓവർസിയർ ശ്രീ. ഗംഗാധരൻ ജി.-ക്ക് കുറ്റപത്രത്തിലെ ആരോപണങ്ങൾ സംബന്ധമായി നേരിട്ട് ഉത്തരവാദിത്തങ്ങളൊന്നും ഇല്ല എന്നതിനാൽ ടിയാളുടെ പ്രതിവാദപത്രിക, മൊഴി എന്നിവയിലെ വാദഗതികൾ അംഗീകരിച്ചുകൊണ്ട് ടിയാളുടെമേൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റത്തിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.

7. തുടർന്ന്, മേൽകുറ്റാരോപിതരെ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 30.07.2026-ൽ നേരിൽ കേട്ടു. ഹിയറിംഗിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം.സി., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. നിധീഷ് വി.എസ്, എന്നിവരും പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥരായ എക്സിക്യൂട്ടീവ്

എഞ്ചിനിയർ സഹിതമുള്ളവരും പങ്കെടുത്തു. മേൽ കുറ്റാരോപിതർ രണ്ട് പേരും തങ്ങളുടെ ഹിയറിംഗ് മൊഴിയായി രേഖപ്പെടുത്തുവാനുള്ള കാര്യങ്ങൾ ഉപോൽബലകമായ രേഖകൾ സഹിതം സമർപ്പിച്ചു. കുറ്റാരോപിതനായ ഓവർസിയർ ശ്രീ. ഗംഗാധരന് ക്യാൻസർ ചികിത്സയുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളാൽ ഹിയറിംഗിൽ പങ്കെടുക്കുവാൻ സാധിയ്ക്കുകയില്ലായെന്ന് മെഡിയ്ക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ഇ-മെയിൽ മുഖാന്തിരം അറിയിയ്ക്കുകയും, ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ മുൻപാകെ ഹാജരാക്കിയ മൊഴി പകർപ്പ് അതോടൊപ്പം അയച്ച് തരുകയുമുണ്ടായി. ഹിയറിംഗ് മൊഴിയായി ആയതിനെ കണക്കാക്കിയിട്ടുണ്ട്. കുറ്റാരോപിതരുടെ പ്രധാനവാദങ്ങൾ ചുവടെ ചേർക്കുന്നു:-

**<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം.സി.</u>**

- പ്രവൃത്തി നിർവ്വഹിച്ച അസിസ്റ്റന്റ് എഞ്ചിനിയറുടെ നടപടി പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറായ തനിയ്ക്കെതിരെ ചാർജ്ജ് മെമ്മോയിൽ അത്തരം പരാമർശങ്ങളില്ല.
- ഇലക്ട്രോണിക്സ് പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്ന കമ്മിറ്റി രൂപീകരിയ്ക്കുന്നതിനായി തദ്ദേശ വകുപ്പിൽ ഉത്തരവിറങ്ങുന്നതിന് മുൻപ് എഗ്രിമെന്റ് ചെയ്ത ഈ പ്രവൃത്തിയുടെ പ്രൊജക്റ്റ് അംഗീകാരം ലഭിച്ചത് സാങ്കേതികാനുമതി വേണ്ടാത്ത വാങ്ങൽ പ്രവൃത്തിയായിട്ടാണ്. ആയതിനാൽ സാങ്കേതികാനുമതി ലഭിയ്ക്കാതെയാണ് ഈ പ്രവൃത്തി നടപ്പാക്കിയതെന്ന ചാർജ്ജ് നിലനിൽക്കില്ല. കൂടാതെ, സാങ്കേതികാനുമതി ലഭ്യമാക്കൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.
- 3 വർഷത്തെ DLP കാലാവധി കഴിഞ്ഞ ശേഷമാണ് ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ധനകാര്യ വിഭാഗത്തിന്റെ പരിശോധന നടന്നത്. ടി കാലാവധിയ്ക്ക് ശേഷം AMC നൽകാത്തതിനാലാണ് സി.സി.റ്റി.വി പ്രവർത്തിയ്ക്കാത്തത്. ആയത് 07.06.2018-ൽ ടി ഓഫീസിൽ നിന്ന് വിടുതൽ ചെയ്ത തന്റെ ഉത്തരവാദിത്തമല്ല.

**<u>അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. നിധീഷ് വി.എസ്.</u>**

- സ്പിൽ ഓവർ പദ്ധതിയായിരുന്ന ഈ പ്രവൃത്തിയ്ക്ക് താൻ ടി ഓഫീസിൽ 21.12.2017-ൽ ജോലിയിൽ പ്രവേശിയ്ക്കുന്നതിന് മുൻപ് തന്നെ അംഗീകാരം ലഭിച്ച് നിർവ്വഹണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയായിരുന്നു. പ്രവൃത്തി നടത്തുന്നതിന് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട്. അവരിൽ നിന്ന് പ്രതികരണം ലഭിയ്ക്കാത്തതിനാൽ മത്സരാധിഷ്ഠിത ടെന്റർ വിളിച്ച് തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത നടപടിയ്ക്ക് മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരമുണ്ട്.
- പ്രവൃത്തി സിവിൽ വർക്ക് അല്ലായിരുന്നു. പ്രൊജക്റ്റിൽ നിർമ്മാണ പ്രവൃത്തിയല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി നടത്തുന്ന സമയം ഇലക്ട്രിക്കൽ / ഇലക്ട്രോണിക്സ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് എടുക്കുന്നതിന് നഗരസഭയിൽ

സംവിധാനമില്ലാത്തതിനാൽ അടിയന്തിരമായി പൂർത്തിയാക്കുവാൻ നിർദ്ദേശം ലഭിച്ച ഈ പ്രവൃത്തി, പരിചയമുള്ള ആളുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചാണ് ഷെഡ്യൂൾ തയ്യാറാക്കിയത്.

- വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട മാർഗ്ഗരേഖപ്രകാരം നിർമ്മാണ പ്രവൃത്തികളൊഴികെയുള്ള പ്രോജക്റ്റുകൾക്ക് ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസറുടെ അംഗീകാരം നേടേണ്ടതുണ്ടായിരുന്നതിനാൽ അപ്രകാരം ചെയ്തിട്ടുണ്ട്.
- ടി നഗരസഭയിൽ Fresh Appointment ആയി ജോലിയിൽ പ്രവേശിച്ച തനിയ്ക്ക് മറ്റൊരു അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞ് കിടന്നിരുന്നതിനാൽ സ്പിൽഓവർ വർക്കുകളുൾപ്പെടെയുള്ള 370-ൽ പരം പ്രൊജക്റ്റുകളുടെ അമിതജോലിഭാരമുണ്ടായിരുന്നു. ആകയാൽ മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ ശരിയായി പാലിച്ച് 6 മാസക്കാലയളവ് മാത്രമാണ് ടി ഓഫീസിൽ ജോലി ചെയ്തത്.
- 20.06.2018-ൽ ടി ഓഫീസിൽ നിന്ന് വിടുതൽ ചെയ്തത് വരെയോ, DLP കാലാവധിയ്ക്കുള്ളിലോ പ്രവൃത്തിയെ സംബന്ധിച്ച് തനിയ്ക്ക് യാതൊരു പരാതിയും ലഭിച്ചിട്ടില്ല. തുടർപരിപാലനം AMC ആയി നൽകേണ്ടത് നഗരസഭയും തകരാറുകൾ പരിഹരിയ്ക്കേണ്ടത് മാറി വരുന്ന ഉദ്യോഗസ്ഥരുമാണ്. ഇക്കാര്യത്തിൽ തന്റെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായിട്ടില്ല.

**<u>ശ്രീ. ഗംഗാധരൻ, ഓവർസിയർ</u>**

സി.സി.ടി.വി.-യുടെ തുടർപരിപാലനം AMC ആയി ചെയ്യേണ്ടത് നഗരസഭയും പിന്നീട് ലഭിയ്ക്കുന്ന പരാതികൾ പ്രസ്തുത സമയം ചുമതലയുള്ള ഉദ്യോഗസ്ഥരുമാണ് പരിഹരിയ്ക്കേണ്ടത്. ആശുപത്രി സൂപ്രണ്ടും നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറും നിർദ്ദേശിച്ച സ്ഥലത്താണ് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. 2018 ജൂലായ് മാസത്തിൽ കാസർഗോഡ് നഗരസഭയിൽ നിന്ന് വിടുതൽ ചെയ്തിട്ടുള്ളതാണ്.

8. ഈ അച്ചടക്കനടപടിയുടെ ഭാഗമായി ഇതുവരെ സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ട രേഖകളിൽ നിന്നും, ലഭ്യമായ റിപ്പോർട്ടുകളിൽ നിന്നും കുറ്റാരോപിതരെ പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിൽ കേട്ടതിൽ നിന്നും ബോധ്യമായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു:-

- ഈ പ്രവൃത്തി KELTRON മുഖേന നിർവ്വഹണം നടത്തുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും KELTRON മാനേജർക്ക് കത്ത് നൽകിയിട്ടുള്ളതായി ഫയലിൽ നിന്നും വ്യക്തമാണ് എന്നും എന്നാൽ ആയതിന് യഥാസമയം മറുപടി ലഭിക്കാതെവന്ന സാഹചര്യത്തിൽ ബഹു. നഗരസഭ ചെയർപേഴ്സൺന്റെ മുൻകൂർ അനുമതിയോടെ ടെണ്ടർ നടത്തുന്നതിന് തീരുമാനിച്ചതാണ് എന്നും അല്ലാത്തപക്ഷം പദ്ധതി സ്പിൽഓവർ ആയി ഫണ്ട് നഷ്ടമാകുന്ന സാഹചര്യം ഉണ്ടാകുമായിരുന്നു എന്നും ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ അംഗീകൃത Project Report-ൽ തന്നെ പ്രവൃത്തിയുടെ നിർവ്വഹണരീതി ടെണ്ടർ എന്നാണ്

രേഖപ്പെടുത്തിയിട്ടുള്ളത് എന്നും ആയതിനാൽ തന്നെ പ്രവൃത്തി ടെണ്ടർ മുഖേന നിർവ്വഹിച്ചതിൽ അപാകതയുണ്ടായതായി പറയാൻ കഴിയില്ലയെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, മത്സരാധിഷ്ഠിത ടെണ്ടർ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തിയും, പത്രപരസ്യം ചെയ്തുമാണ് നടപ്പിലാക്കിയത് എന്നും ടെണ്ടർ നടത്തിപ്പ്, Selection of Bidder എന്നിവയെല്ലാം കൗൺസിൽ അംഗീകാരത്തോടെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുള്ളത് എന്നും അവ കൌൺസിലിന്റെ അംഗീകാരത്തിന് വിധേയമാക്കിയിട്ടുള്ളതുമാണ് എന്നും ആയതിനാൽ ടെണ്ടർ നടത്തിപ്പുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചതായി കാണാൻ കഴിയുന്നില്ല എന്നും അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, അക്രെഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചു കൊണ്ടുള്ള 25.07.2017-ലെ G.O.(P)No.95/2017/Fin ഉത്തരവിൽ അക്രെഡിറ്റഡ് ഏജൻസിയായ കെൽട്രോണിനെ അംഗീകരിച്ചിട്ടുള്ളതാണെങ്കിലും ടി ഉത്തരവിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ പ്രവൃത്തി അംഗീകൃത ഏജൻസിയായ കെൽട്രോൺ മുഖേന മാത്രമേ നടപ്പിലാക്കാൻ പാടുള്ളു എന്ന നിബന്ധനയില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുള്ളതും ഇവിടെ പ്രസക്തമാണെന്ന് കാണുന്നു.

- ഈ പ്രവൃത്തി മരാമത്ത് വിഭാഗത്തിൽ ഉൾപ്പെടാത്തതാകയാൽ അവയ്ക്ക് പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാലിക്കേണ്ട മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ബാധകമാകുന്നില്ല എന്നാണ് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിരിയ്ക്കുന്നത്. ക്യാമറ ഇൻസ്റ്റലേഷന്റെ ഭാഗമായി സിവിൽ വർക്കുകൾ ചെയ്തിട്ടില്ലാത്തതിനാൽ (പ്രത്യേകം പോസ്റ്റ് സ്ഥാപിയ്ക്കുന്നത് പോലുള്ള പ്രവൃത്തികൾ) ഈ പ്രവൃത്തിയെ മരാമത്ത് പ്രവൃത്തിയായി കാണാൻ കഴിയില്ല എന്നാണ് ഹിയറിംഗിൽ പങ്കെടുത്ത എക്സിക്യൂട്ടീവ് എഞ്ചിനിയർ അഭിപ്രായപ്പെട്ടിട്ടുള്ളത്. ആകയാൽ ഈ പ്രവൃത്തി എന്നത് ക്യാമറകളും മോണിറ്ററും വാങ്ങി നിലവിൽ ലഭ്യമായതും സൗകര്യപ്രദവുമായ സ്ഥലങ്ങളിൽ സ്ഥാപിച്ച ഒരു Project Work ആയിട്ട് മാത്രമേ കണക്കാക്കുവാൻ കഴിയൂ എന്ന് കാണുന്നു. മരാമത്ത് ചട്ടപ്രകാരമുള്ള സാങ്കേതികാനുമതി ആവശ്യമുള്ള പ്രവൃത്തിയായിരുന്നില്ല ഇത് എന്ന് പ്രോജക്റ്റ് റിപ്പോർട്ടിൽ കാണാവുന്നതാണ്. ആകയാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഈ പ്രവൃത്തിയ്ക്ക് വെറ്റിങ്ങ് മാത്രമാണ് നടത്തിയിട്ടുള്ളത് എന്നതും ഇവിടെ പ്രസക്തമാണ്.
- ആകയാൽ അവയ്ക്ക് പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാലിക്കേണ്ട മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ എന്നിവ പാലിച്ചില്ല എന്ന കുറ്റം സ്ഥാപിയ്ക്കുന്നത് ഉചിതമാകില്ല എന്ന് കാണുന്നു. Electronic Hardware Purchase and Installation വിഭാഗത്തിൽ വരുന്ന ഇത്തരത്തിലുള്ള പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനം ടി പ്രവൃത്തി നിർവ്വഹിയ്ക്കുന്ന കാലയളവിൽ തദ്ദേശ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്തതിനാലാവാം നേരിട്ടുള്ള അന്വേഷണത്തിൻപ്രകാരം തയ്യാറാക്കിയ ഷെഡ്യൂൾ അടിസ്ഥാനപ്പെടുത്തി അടിയന്തിരപ്രാധാന്യമുള്ള പ്രവൃത്തി എന്ന നിലയിൽ തുടർനടപടികളുമായി അസിസ്റ്റന്റ് എഞ്ചിനീയർ മുന്നോട്ടു പോയത് എന്ന്

അനുമാനിക്കുന്നു എന്ന് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ, തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി 2022-ൽ പുറത്തിറക്കിയ മാർഗ്ഗരേഖയിൽ ആണ് ഇലക്ട്രോണിക്സ് പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുള്ളത് എന്നതും ഇവിടെ പ്രസക്തമാണെന്ന് കാണുന്നു.

- Warranty Period സംബന്ധിച്ച രേഖകൾ കൃത്യമായി ഫയൽ ചെയ്ത്, ടി കാലാവധിക്കുള്ളിൽ വരുന്ന കേടുപാടുകൾ പരിഹരിക്കേണ്ടതാണ് തുടങ്ങിയ നിബന്ധനകൾ കരാറിൽ വ്യക്തമായി ഉൾപ്പെടുത്തേണ്ടതായിരുന്നു എന്നും Warranty Period-ന് ശേഷം വരുന്ന അറ്റകുറ്റപ്പണികൾക്ക് AMC നടപടികൾ നഗരസഭ സ്വീകരിക്കേണ്ടിയിരുന്നു എന്നും ഇക്കാരണങ്ങൾ ക്യാമറകളുടെ കേടുപാടുകൾ യഥാസമയം പരിഹരിക്കുന്നതിന് തടസമായി എന്ന് മനസ്സിലാക്കുന്നു എന്നും അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഒരു വർഷത്തോളം ക്യാമറകൾ കുഴപ്പം കൂടാതെ പ്രവർത്തിച്ചിട്ടുള്ളതാണ് എന്നും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

9. ഹിയറിംഗ് ഓഫീസറുടെ നിരീക്ഷണം, അഭിപ്രായം എന്നിവ ചുവടെ ചേർക്കുന്നു:-

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് ഇലക്ട്രോണിക്സ് പ്രവൃത്തികൾ എപ്രകാരം നടപ്പിലാക്കണമെന്ന വളരെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ലാതിരുന്ന കാലയളവിൽ നടപ്പിലാക്കിയ ഒരു പ്രൊജക്റ്റ് വർക്ക് ആയിട്ട് മാത്രമേ ഈ പ്രവൃത്തിയെ കാണുവാൻ കഴിയുകയുള്ളൂ. പ്രവൃത്തിയുടെ ഭാഗമായി സിവിൽ വർക്കുകൾ ഒന്നും തന്നെ ഇല്ലാതിരുന്നതിനാലും ഈ പ്രവൃത്തിയെ മരാമത്ത് പ്രവൃത്തിയായി കാണാൻ കഴിയില്ല എന്നാണ് മനസ്സിലാകുന്നത്. ആകയാൽ മരാമത്ത് പ്രവൃത്തിയ്ക്ക് പാലിയ്ക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചില്ല എന്ന കുറ്റം നിലനിൽക്കില്ല എന്ന് കാണുന്നു. കെൽട്രോൺ മുഖാന്തിരം പ്രവൃത്തി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിരുന്നുവെങ്കിലും അവരിൽ നിന്ന് പ്രതികരണമില്ലാതായ സാഹചര്യത്തിൽ പ്രവൃത്തി അടിയന്തിരമായി നടപ്പാക്കണമെന്ന നഗരസഭയുടെ ഒരു ഇച്ഛാശക്തിയുടെ കൂടി അടിസ്ഥാനത്തിൽ ടെണ്ടറിംഗിലൂടെ നടപ്പാക്കുവാൻ പ്രൊജക്റ്റ് അംഗീകരിച്ചതിനാലുമാണ് കരാർ നൽകി പ്രവൃത്തി നിർവ്വഹിച്ചതെന്ന് കാണുന്നു. സാമ്പത്തിക വർഷാവസാനം പദ്ധതികൾ വളരെ സമ്മർദ്ദത്തോടെ ധൃതി പിടിച്ച് നിർവ്വഹിയ്ക്കുന്ന ഒരു സാഹചര്യത്തിൽ പുതുതായി ജോലിയിൽ പ്രവേശിച്ച ഒരു നിർവ്വഹണ ഉദ്യോഗസ്ഥനാണ്(അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. നിധീഷ്) ഈ പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന കാര്യവും ടിയാൾ ചുമതലയേൽക്കുന്ന സമയം ഈ പ്രവൃത്തിയ്ക്ക് അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന അവസ്ഥയിലായിരുന്നു എന്നും കാണുന്നു. ആകയാൽ Warranty Period സംബന്ധിച്ച രേഖകൾ കൃത്യമായി ഫയൽ ചെയ്ത്, ടി കാലാവധിക്കുള്ളിൽ വരുന്ന കേടുപാടുകൾ പരിഹരിക്കേണ്ടതാണ് തുടങ്ങിയ നിബന്ധനകൾ പ്രവൃത്തിയുടെ കരാറിൽ വ്യക്തമായി ഉൾപ്പെടുത്തുന്നതിൽ

ടിയാൾക്ക് ജാഗ്രത കുറവ് സംഭവിച്ചതായി കാണുന്നു. എങ്കിലും Warranty Period ന് ശേഷം വരുന്ന അറ്റകുറ്റപ്പണികൾക്ക് AMC നടപടികൾ യഥാസമയം നഗരസഭ നടപടി സ്വീകരിച്ചിരുന്നെങ്കിൽ ക്യാമറകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നു എന്നും കാണുന്നു. ഇലക്ട്രോണിക്സ് പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്ന കമ്മിറ്റി രൂപീകരിയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉത്തരവിറങ്ങുന്നതിന് മുൻപ് എഗ്രിമെന്റ് ചെയ്ത ഈ പ്രവൃത്തിയുടെ പ്രോജെക്ടിന് അംഗീകാരം ലഭിച്ചത് സാങ്കേതികാനുമതി വേണ്ടാത്ത വാങ്ങൽ പ്രവൃത്തിയായിട്ടാണ്. ആയതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. ജസ്വന്ത് പ്രൊജക്റ്റിന് വെറ്റിംഗ് മാത്രമാണ് നൽകിയിട്ടുള്ളതെന്നും മനസ്സിലാക്കുന്നു. സ്ഥാപിച്ച ഉപകരണങ്ങളുടെ വാറണ്ടി കാലയളവ് കഴിഞ്ഞാൽ ഇവയുടെ അറ്റകുറ്റപണികൾ എങ്ങനെ നടത്തുമെന്നതിൽ ഒരു ദീർഘ വീക്ഷണം ടിയാന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലാത്തതായി കാണുന്നു. എന്നിരുന്നാലും, മേൽ പരാമർശിച്ചത് പോലെ അറ്റകുറ്റപ്പണികൾക്ക് AMC നടപടികൾ യഥാസമയം നഗരസഭയ്ക്ക് സ്വീകരിയ്ക്കാമായിരുന്ന സാഹചര്യവും ഒരു വർഷത്തോളം ക്യാമറകൾ കുഴപ്പം കൂടാതെ പ്രവർത്തിച്ചിട്ടുള്ളതാണ് എന്ന ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലും, ടിയാളുകളുടെ സേവനകാലത്തിന് ശേഷമുള്ള കാലയളവിൽ ക്യാമറകൾ റിപ്പയർ ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടായില്ല എന്നതിൽ കുറ്റാരോപിതരായിരിക്കുന്നവർക്ക് നേരിട്ട് ഉത്തരവാദിത്തം ഇല്ല എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ അഭിപ്രായവും പരിഗണിയ്ക്കേണ്ടതുണ്ടെന്ന് കാണുന്നു. ഓവർസിയർ ശ്രീ. ഗംഗാധരൻ ജി.-ക്ക് കുറ്റപത്രത്തിലെ ആരോപണങ്ങൾ സംബന്ധമായി നേരിട്ട് ഉത്തരവാദിത്തങ്ങളൊന്നും ഇല്ല എന്നതിനാൽ ടിയാളുടെ പ്രതിവാദപത്രിക, മൊഴി എന്നിവയിലെ വാദഗതികൾ അംഗീകരിച്ചുകൊണ്ട് ടിയാളുടെമേൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റത്തിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റെ ശിപാർശയും പരിഗണനാർഹമാണെന്ന് കാണുന്നു.

10. ധനകാര്യ പരിശോധനാ റിപ്പോർട്ട്, കുറ്റാരോപിതരുടെ പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം, ഔപചാരിക അന്വേഷണ റിപ്പോർട്ട്, ഹിയറിംഗ് ഓഫീസറുടെ നിരീക്ഷണം, അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ചതിൽ ബോധ്യപ്പെടുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു:-

- കുറ്റാരോപിതനായ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം.സി. ഈ പ്രൊജക്റ്റിന് വെറ്റിംഗാണ് നൽകിയിട്ടുള്ളതെങ്കിലും, പ്രൊജക്റ്റിന്റെ ഭാഗമായി സ്ഥാപിച്ച ഉപകരണങ്ങളുടെ വാറണ്ടി കാലയളവ് കഴിഞ്ഞാൽ ഇവയുടെ അറ്റകുറ്റപണികൾ എങ്ങനെ നടത്തുമെന്നതിൽ ഒരു ദീർഘവീക്ഷണം ടിയാളുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല എന്ന് കാണുന്നു. ടി പോരായ്മ ഒഴിച്ച് നിർത്തിയാൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് പോലെയുള്ള ഗൗരവതരമായ വീഴ്ചകളൊന്നും ടിയാളുടെ ഭാഗത്ത് നിന്ന് സംഭവിച്ചതായി കാണുന്നില്ല.
- സാമ്പത്തിക വർഷാവസാനം പദ്ധതികൾ വളരെ സമ്മർദ്ദത്തോടെ ധൃതി പിടിച്ച്

നിർവ്വഹിയ്ക്കുന്ന ഒരു സാഹചര്യത്തിൽ, പുതുതായി ജോലിയിൽ പ്രവേശിച്ച (fresh appointment) ഒരു ഉദ്യോഗസ്ഥനാണ് ശ്രീ. നിധീഷ് വി. എസ്. എന്ന ഈ പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന കാര്യം പരിഗണനാർഹമാണ്. ആകയാൽ, Warranty Period സംബന്ധിച്ച രേഖകൾ കൃത്യമായി ഫയൽ ചെയ്ത്, ടി കാലാവധിക്കുള്ളിൽ വരുന്ന കേടുപാടുകൾ പരിഹരിക്കേണ്ടതാണ് തുടങ്ങിയ നിബന്ധനകൾ പ്രവൃത്തിയുടെ കരാറിൽ വ്യക്തമായി ഉൾപ്പെടുത്തുന്നതിൽ ടിയാൾക്ക് സംഭവിച്ച ജാഗ്രതക്കുറവ്, ടി വസ്തുതയുടെ കൂടി പശ്ചാത്തലത്തിൽ ഒരു ഇളവ് നൽകി പരിഗണിയ്ക്കേണ്ടതുണ്ടെന്ന് കാണുന്നു. ഒരു വർഷത്തോളം ക്യാമറകൾ കുഴപ്പം കൂടാതെ പ്രവർത്തിച്ചിട്ടുള്ളതാണ് എന്ന ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലും, ടിയാളുകളുടെ സേവനകാലത്തിന് ശേഷമുള്ള കാലയളവിൽ ക്യാമറകൾ റിപ്പയർ ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടായില്ല എന്നതിൽ കുറ്റാരോപിതരായിരിക്കുന്നവർക്ക് നേരിട്ട് ഉത്തരവാദിത്തം ഇല്ല എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ അഭിപ്രായവും പരിഗണിയ്ക്കേണ്ടതുണ്ടെന്ന് കാണുന്നു. കൂടാതെ, പദ്ധതി നടപ്പാക്കിയതിൽ സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും റിപ്പോർട്ട് ചെയ്തിട്ടുമില്ല.

- ഓവർസിയർ ശ്രീ. ഗംഗാധരൻ ജി.-യ്ക്ക് കുറ്റപത്രത്തിലെ ആരോപണങ്ങൾ സംബന്ധമായി നേരിട്ട് ഉത്തരവാദിത്തങ്ങളൊന്നും ഇല്ല എന്നതിനാൽ ടിയാളുടെ പ്രതിവാദപത്രിക, മൊഴി എന്നിവയിലെ വാദഗതികൾ അംഗീകരിക്കാവുന്നതാണ്.

**11.** മേൽസാഹചര്യത്തിൽ, കാസർഗോഡ് ജനറൽ ആശുപത്രിയിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം.സി., അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. നിധീഷ് വി.എസ്., ഓവർസിയർ ശ്രീ. ഗംഗാധരൻ ജി. എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി, മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം.സി.(PEN-524599), അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. നിധീഷ് വി.എസ്.(PEN-630594) എന്നിവർക്ക് അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (i) പ്രകാരം സെൻഷർ നൽകികൊണ്ടും, ഓവർസിയർ ശ്രീ. ഗംഗാധരൻ ജി.(PEN-552969)-യെ തുടർനടപടിയിൽ നിന്ന് ഒഴിവാക്കി കുറ്റവിമുക്തനാക്കിക്കൊണ്ടും ഉത്തരവാകുന്നു.

**12.** എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജസ്വന്ത് എം.സി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 436/2026 നമ്പർ കേസിലെ ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (7) ഉത്തരവിലെ നിർദ്ദേശങ്ങൾ ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ**

**മുഖേന)**

2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
3. അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരളം.
5. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് **(DPC ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി)**
6. ധനകാര്യ (Dev-Wing) വകുപ്പ് (09.10.2026-ലെ E:3626512/Dev-4/183/2026-FIN പ്രകാരം)
7. തദ്ദേശ സ്വയംഭരണ (എ.ബി.) വകുപ്പ് (LSGD-AB2/36/2024-LSGD തീയതി 08.07.2024 പ്രകാരം)
8. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
9. സ്റ്റോക്ക് ഫയൽ (EWA2/24/2025-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 17-10-2026
12:14:27

സെക്ഷൻ ഓഫീസർ